"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - പാലക്കാട് ജില്ല - ഷൊർണ്ണൂർ നഗരസഭയിൽ വാർഡ് 8- ൽ ഉൾപ്പെടുന്ന നെച്ചിക്കോട്ട് നാരായണൻകുട്ടിപ്പടി റോഡിന്റെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

ദുരന്ത നിവാരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.451/2025/DMD തീയതി,തിരുവനന്തപുരം, 01-07-2025

പരാമർശം:-
1. 27.03.2018 ലെ സ. ഉ. (കൈ) നം. 3/2018 ഡി. എം. ഡി.
2. 21/09/2023 ലെ സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി.
3. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ ) എം.എൽ.എ. 11.03.2024 -ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച CO/24031103 നമ്പർ നിവേദനം

<u>ഉത്തരവ്</u>

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ വാർഡ് 8 ൽ ഉൾപ്പെടുന്ന നെച്ചിക്കോട്ട് നാരായണൻകുട്ടിപ്പടി റോഡിന്റെ പുനരുദ്ധാരണത്തിന് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുകയും, ടി പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിർവ്വഹിക്കുവാൻ സാധ്യമല്ലാത്തതിനാൽ ടി പ്രവൃത്തി റദ്ദ് ചെയ്ത് പ്രസ്തുത തുക ഇതേ വാർഡിലെ നെച്ചിക്കോട്ട് കോളനി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തിക്കായി മാറ്റി അനുവദിച്ച് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് പാലക്കാട് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

3. പ്രസ്തുത പ്രവൃത്തി ഭരണാനുമതി കാലാവധിക്കകത്ത് തന്നെ പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/220/2024-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 02-07-2025 12:42:05

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്